LIBRARY ARCHIVES Kerala Legislative Assembly

ടാർജറ്റ് തികയ്ക്കാൻ പെറ്റിക്കേസുകളെടുക്കുന്നതായി പരാതി

63 [3445] ശ്രീ. കെ. സി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഓരോ പോലീസ് സ്റ്റേഷൻ അതിർത്തിയിലും നിശ്ചിത എണ്ണം കേസ്സുകൾ ഓരോ മാസവും രജിസ്റ്റർ ചെയ്തിരിക്കണമെന്ന് എന്തെങ്കിലും ടാർജറ്റ് നിശ്ചയിച്ചിട്ടുണ്ടോ;

(ബി) ഇപ്രകാരം ടാർജറ്റ് നിശ്ചയിക്കാനായി കണ്ണൂർ ജില്ലയിൽ പലയിടത്തും അകാരണമായി പെറ്റികേസ്സുകളും മറ്റും രജിസ്റ്റർ ചെയ്യുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) നിശ്ചയിച്ചിട്ടില്ല.

(ബി) ടാർജറ്റ് നിശ്ചയിക്കാനായി കണ്ണൂർ ജില്ലയിൽ അകാരണമായി പെറ്റി കേസുകളും മറ്റും രജിസ്റ്റർ ചെയ്യുന്നില്ല.

അഞ്ചൽ മേഖലയിലെ അക്രമ സംഭവങ്ങൾ

64 [3446] ശ്രീ. പി. എസ്. സുപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) അഞ്ചൽ തടിക്കാട് എന്ന സ്ഥലത്ത് സി. പി. എം. നേതാവായ അഷറഫിനെ കൊലപ്പെടുത്തിയ കേസിൽ പ്രതികൾ ആരെല്ലാമാണ്; ഇവർക്കെതിരെ സ്വീകരിച്ച നിയമ നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) പുനലൂർ മണ്ഡലത്തിലെ തടിക്കാട് അഷറഫ് സ്മാരക മന്ദിരം തീയിട്ടു നശിപ്പിച്ച കേസുമായി ബന്ധപ്പെട്ട് ആരുടെയെല്ലാം പേരിൽ കേസ് എടുത്തിട്ടുണ്ട്; ആരെയെല്ലാം അറസ്റ്റ് ചെയ്തിട്ടുണ്ട്; ഇപ്പോൾ അന്വേഷണം ഏത് ഘട്ടത്തിലാണ് എന്ന് വ്യക്തമാക്കാമോ;

(സി) ഇടമുളയ്ക്കൽ പഞ്ചായത്ത് മെമ്പർ ശ്രീ. ഷംസുദ്ദീന്റെ ആയുരിലുള്ള ഇലക്ട്രോണിക്സ് കട തീവച്ചു നശിപ്പിച്ച സംഭവവുമായി ബന്ധപ്പെട്ട് കേസ് എടുത്തിട്ടുണ്ടോ; പ്രതികൾ ആരെല്ലാമാണ്; ഇതിൽ ആരെയെല്ലാം അറസ്റ്റ് ചെയ്തിട്ടുണ്ട്; കേസിന്റെ വിശദാംശം വ്യക്തമാക്കുമോ;

(ഡി) അഞ്ചൽ മേഖലയിൽ എൻ. ഡി. എഫ്.-ന്റെ നേതൃത്വത്തിൽ അക്രമ സംഭവങ്ങൾ വർദ്ധിച്ചുവരുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതു തടയുവാൻ എന്തു നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) അഷറഫിന്റെ കൊലപാതകവുമായി ബന്ധപ്പെട്ട പ്രതികളുടെ പേരുകൾ താഴെ ചേർക്കുന്നു:

1. അബ്ദുൽ ഖാദർ, 2. സാബുഖാൻ, 3. കഹാർ, 4. ജുനൈദ്, 5. മുഹമ്മദ് കുഞ്ഞ്, 6. സൈനുദ്ദീൻ, 7. ഷമീർഖാൻ, 8. അൻസാർ, 9. ഷരീഫ്, 10. ജാഫറുദ്ദീൻ, 11. നൗഷാദ്, 12. മുഹമ്മദ് അമീർ, 13. അൻസാറുദ്ദീൻ, 14. അൻവറുദ്ദീൻ, 15. മുഹമ്മദ് ഹലീഫ്, 16. ഷഫീക്ക്

ഇത് സംബന്ധിച്ച് അഞ്ചൽ പോലീസ് സ്റ്റേഷൻ ക്രൈം നം. 237/02 യു/എസ് 120(ബി), 143, 147, 148, 427, 460, 302 ആന്റ് 149 ഐ. പി. സി. ആന്റ് സെക്ഷൻ 3 ആന്റ് 5 ഓഫ് എക്സ്പ്ലോസീവ് സബ്സ്റ്റൻസ് ആക്ട് പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തുകയും പ്രതികളുടെ പേരിൽ 8-12-2003-ൽ കോടതിയിൽ ചാർജ്ജ് ഷീറ്റ് ഹാജരാക്കിയിട്ടുള്ളതുമാണ്.

(ബി) എൻ. ഡി. എഫ്. പ്രവർത്തകരായ അബ്ദുൾ ഖാദറിനെയും കൂട്ടാളികളെയും പ്രതിയാക്കി അഞ്ചൽ പോലീസ് സ്റ്റേഷൻ ക്രൈം നം. 152/04 യു/എസ്. 436 ഐ. പി. സി. പ്രകാരം കേസ്സ് രജിസ്റ്റർ ചെയ്തു. പ്രതികളെ ആരെയും അറസ്റ്റ് ചെയ്തിട്ടില്ല. ടി കേസിൻമേൽ അന്വേഷണം തുടർന്നു വരുന്നു.

(സി) കേസ് എടുത്തിട്ടുണ്ട്. ഇത് സംബന്ധിച്ച് ചടയമംഗലം പോലീസ് സ്റ്റേഷൻ ക്രൈം 148/04 യു/എസ് 143, 147, 149 ആന്റ് 436 ഐ. പി. സി. പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. എൻ. ഡി. എഫ്. പ്രവർത്തകരും അനുഭാവികളും ആയ അബ്ദുൽ ഖാദർ, സൈനുദ്ദീൻ, സാബുഖാൻ, മറ്റ് കണ്ടാലറിയാവുന്ന മൂന്നു പേരും കൂടി ശ്രീ. ഷംസുദ്ദീന്റെ ആയൂരിലുള്ള ഇലക്ട്രോണിക്സ് കട തീ കത്തിച്ച തിൽ വച്ച് ആവലാതിക്കാരന് ആറു ലക്ഷത്തി പതിനാലായിരം രൂപയുടെ നഷ്ടം ഉണ്ടായി. പ്രതികൾ എല്ലാവരും ഒളിവിലാണ്. ടിയാൻമാരെപ്പറ്റി ഊർജ്ജിതമായി അന്വേഷണം നടത്തിവരുന്നു.

(ഡി) എൻ. ഡി. എഫ്.-ന്റെ നേതൃത്വത്തിൽ അക്രമ സംഭവങ്ങൾ ഇപ്പോൾ വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ശക്തമായ റെയ്ഡുകളും, പട്രോളിംഗും നടത്തി അത്തരം സംഭവങ്ങൾ ഉണ്ടാകാതിരിക്കാൻ വേണ്ട മുൻകരുതൽ നടപടികൾ സ്വീകരിക്കുന്നതാണ്.

പേരയം പഞ്ചായത്തിലെ കൂട്ടമരണത്തെ സംബന്ധിച്ച് അന്വേഷണം

65 [3447] ശ്രീ. എ. എ. അസീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുണ്ടറ, പേരയം പഞ്ചായത്തിൽ മുളവന, പള്ളിയറയിൽ 25-6-2004-ൽ 5 പേരുടെ കൂട്ടമരണത്തിനിടയായ സംഭവത്തെക്കുറിച്ച് ദുരൂഹതകൾക്ക് ഇടനൽകുന്നതിനാൽ സമഗ്രമായ അന്വേഷണം നടത്തുന്നതിന് തയ്യാറാകുമോ;

LIBRARY ARCHIVES Kerala Legislative Assembly